## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 911 — 01-03-2017 ൽ മറുപടിയ്ക്ക്

### കൊല്ലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. മുകേഷ്** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കൊല്ലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നു വരുന്നതെന്ന് വിശദമാക്കാമോ; | (എ) & (ബി) | **ജലസേചന വകുപ്പ്**<br>കൊല്ലം മണ്ഡലത്തിൽ ജലസേചന വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.<br>**കേരള ജല അതോറിറ്റി**<br>കേരള ജല അതോറിറ്റി മുഖേന കൊല്ലം മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം-II** ആയും, ഭരണാനുമതി ലഭിച്ചിട്ട് പണി തുടങ്ങാനുള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം-III** ആയും ചേർത്തിരിക്കുന്നു.<br>**ഭൂജല വകുപ്പ്**<br>ഭൂജല വകുപ്പിന് കീഴിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി.കോളനി, കരിക്കോട് ഡിവിഷനിൽ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 4,96,000/- രൂപയും (എം.എൽ.എ എസ്.ഡി.എഫ്), പെരുമൺ മാർക്കറ്റിൽ |
| (ബി) | ഓരോ പ്രവൃത്തിക്കും എത്ര തുക നീക്കി വച്ചെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 6,51,341/- രൂപയും (രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി), കൊല്ലം ജില്ലാ ജയിലിൽ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി 7,50,000/- രൂപയും (എം.എൽ.എ എസ്.ഡി.എഫ്) അനുവദിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി.കോളനി, കരിക്കോട് ഡിവിഷനിൽ നടന്നു വരുന്ന ട്യൂബ് വെൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പെരുമൺ മാർക്കറ്റിലെ ട്യൂബ് വെൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ ജയിലിലെ ട്യൂബ് വെൽ നിർമ്മാണത്തിനു വേണ്ടി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**